# പ്രതിച്ഛായ

www.pratichaya.com

●വാല്യം 2 ●ലക്കം 34 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ●2009 മെയ് 13


# തമിഴ്പുലികൾ വംശനാശത്തിന്റെ വക്കിൽ ?

കെ.എം.തോമസ്

ശ്രീലങ്കയിൽ നിന്നു വരുന്ന വാർത്തകൾ വിശ്വസിക്കാമെങ്കിൽ തീവ്രവാദികളായ തമിഴ്പുലികൾ വംശനാശത്തിന്റെ വക്കിലാണ്. ശ്രീലങ്കൻ സേനയുമായി പുലികൾ അക്ഷരാർത്ഥത്തിൽ തന്നെ യുദ്ധത്തിലായിരുന്നു.

പക്ഷേ, ഇപ്പോൾ പുലികളുടെ ചെറുത്തുനില്പ് ദുർബലമായി. മുല്ലെത്തീവിനു സമീപം ഒരു ചുരുങ്ങിയ വട്ടത്തിൽ ഒതുങ്ങിപ്പോയിരിക്കുന്ന പുലികൾ വാസ്തവത്തിലിന്നു ശ്രീലങ്കൻ സൈന്യത്തിന്റെ തടവിലാണ്.

കേരളത്തിന്റെ രണ്ടിരട്ടിമാത്രം വലുപ്പമുള്ള ഒരു ദ്വീപ്. രണ്ടേകാൽ കോടി ജനങ്ങൾ. പ്രകൃതി മനോഹരമായ ഈ ഭൂഭാഗം ഭാരതീയ പുരാണങ്ങളിൽ പരാമർശിക്കപ്പെടുന്ന ലങ്ക. രാവണന്റെയും രാക്ഷസജനങ്ങളുടെയും ആവാസഭൂമി. ശ്രീരാമ പത്നി സീതയെ അപഹരിച്ചുകൊണ്ടുപോയതുവഴി ഇന്ത്യൻ ജനതയുടെ എക്കാലത്തെയും ശത്രുവായി മാറിയ രാവണന്റെ രാജ്യം.

ഇന്നു ലങ്കയിൽ രാവണന്മാരില്ല. അവിടം വെറും ലങ്കയല്ല, 'ശ്രീലങ്ക'യാണ്. പക്ഷേ, സമാധാനവും ശാന്തിയും ആ ജനതയ്ക്കു നഷ്ടപ്പെട്ടിട്ടു രണ്ടു ദശകത്തിലധികമായി. ജനസംഖ്യയുടെ 18% വരുന്ന തമിഴ് വംശജരെ നാട്ടിൽ നിന്നു ബഹിഷ്കരിക്കാൻ ഭൂരിപക്ഷവംശമായ സിംഹളർ നടത്തിയ വിവേകശൂന്യമായ ചില നീക്കങ്ങൾ സിംഹളഭൂമിയെ നയിച്ചതു വംശീയ കലാപത്തിലേക്കും രക്തച്ചൊരിച്ചിലിലേക്കുമാണ്.

സിംഹളരുടെ അതിക്രമങ്ങൾ ചെറുത്തുനില്ക്കാൻ രൂപംകൊണ്ട ഒരു സ്വയംരക്ഷാ സന്നാഹമായിരുന്നു എൽടിടിഇ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ലിബറേഷൻ ടൈഗേഴ്സ് ഓഫ് തമിഴ് ഈഴം. അവർ ആയുധം കൈയിലുള്ള വരാണ്. ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഹിംസയുടെ ഏതുമാർഗവും അവർക്കന്യമല്ല. അതുകൊണ്ടു തന്നെയാവണം. എല്ലാവരും അവരെ പുലികൾ എന്നു വിളിക്കുന്നതും.

ഇന്നു സ്വയംരക്ഷയല്ല പുലികളുടെ ലക്ഷ്യം. സ്വന്തം രാജ്യമാണ്. ശ്രീലങ്കയിൽ തമിഴർക്കു മാത്രമായി ഒരു സ്വതന്ത്രരാജ്യം. ലക്ഷ്യത്തോടടുക്കാൻ ഏറെ ദൂരമില്ലായിരുന്നെങ്കിലും ഇന്നു സ്ഥിതിഗതിയാകെ മാറിയിരിക്കുന്നു. ശ്രീലങ്കൻ പ്രസിഡണ്ട് മഹീന്ദ രാജപക്ഷെ അവർക്ക് അന്ത്യശാസനം നല്കിക്കഴിഞ്ഞിരിക്കുന്നു-'കീഴടങ്ങുക അല്ലെങ്കിൽ നശിക്കുക'.

>> 16

## വലിയ നഷ്ടം ഇന്ത്യയ്ക്ക്



വാസ്തവത്തിൽ ഏറ്റവും വലിയ നഷ്ടമുണ്ടായത് ഇന്ത്യയ്ക്കാണ്. നമ്മുടെ മഹാന്മാരായ നേതാക്കളിലൊരാൾ നമുക്കു നഷ്ടപ്പെട്ടത് എൻടിടിഇയുടെ പ്രതികാരം ചെയ്യലിന്റെ ഫലമായിട്ടാണ് - രാജീവ് ഗാന്ധിയെ. ചുരുങ്ങിയ കാലംകൊണ്ട്, ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു കടക്കുന്ന ഇന്ത്യയ്ക്ക് വികസനത്തിന്റെ പുതിയ മുഖം സമ്മാനിക്കാൻ പ്രധാനമന്ത്രിയെന്ന നിലയിൽ രാജീവിനു കഴിഞ്ഞു. ഇന്ത്യയുടെ കമ്പ്യൂട്ടർവത്ക്കരണത്തിനും ടെലികോം വിപ്ലവത്തിനും തുടക്കം കുറിച്ചത് രാജീവ് ഗാന്ധിയായിരുന്നു. ഇത്തരത്തിൽ സാങ്കേതിക വിദ്യാവിദഗ്ധനായ സാം പി ട്രോഡ അദ്ദേഹത്തിന്റെ വലംകൈയായി നിന്നു പ്രവർത്തിച്ചു. ഒരു പക്ഷേ രാജീവ് ഗാന്ധി അന്ന് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നില്ലെങ്കിൽ ഇന്ത്യ 'ആധുനിക'മാകാൻ കുറെക്കൂടി വൈകുമായിരുന്നു.

ശ്രീലങ്കയുമായുണ്ടാക്കിയ സമാധാനകരാറിന്റെ അടിസ്ഥാനത്തിൽ പുലികളെ അമർച്ചചെയ്യാൻ ഇന്ത്യൻ സമാധാന സംരക്ഷണ സേനയെ നിയോഗിച്ചതാണു രാജീവിനു വിനയായത്. ഒരിക്കൽ ശ്രീലങ്കൻ സന്ദർശനത്തിനിടയിൽ ഒരു സൈനികൻ തോക്കിന്റെ പാത്തികൊണ്ട് അദ്ദേഹത്തെ അടിച്ചുവീഴ്ത്താൻ ശ്രമിക്കുകയുണ്ടായി. സമർത്ഥമായി ഒഴിഞ്ഞുമാറിയതുകൊണ്ട് അപകടം സംഭവിച്ചില്ല.

പിന്നീട് 1991 മെയ് 21ന് അതു സംഭവിച്ചു. തെരഞ്ഞെടുപ്പു പ്രചാരണത്തിന്റെ തിരക്കിലായിരുന്നു രാജീവ് ഗാന്ധി. തമിഴ്നാട്ടിലെ ശ്രീപെരുംപുതൂരിൽ. തനു എന്ന എൽടിടിഇ ചാവേർ ബെൽറ്റുബോംബു ധരിച്ച് ആൾക്കൂട്ടത്തിനിടയിലേക്കിടിച്ചു കയറി. ബോംബ് പൊട്ടി ചിന്നിച്ചിതറിയ തനുവിനോടൊപ്പം ഇന്ത്യയുടെ മഹാനായ പുത്രനും ഇല്ലാതായി.

രാജീവ് വധത്തിൽ പ്രഭാകരനും മറ്റ് എൽടിടിഇ നേതാക്കളും പ്രതികളാണ്. അവരെ, ശ്രീലങ്കയിലെ വിചാരണയ്ക്കുശേഷം ഇന്ത്യയ്ക്കു കൈമാറുമെന്നാണ് പ്രസിഡണ്ട് രാജപക്ഷെ പറയുന്നത്.





അനുസ്മരണം



നെപ്പോളിയൻ ബോണപ്പാർട്ട് (1769 – 1821) 11

മുഖപ്രസംഗം
ജനാധിപത്യം കളങ്കപ്പെടരുത് ജനാധിപത്യ കക്ഷികളും 2

അവലോകനം
ശ്രീലങ്കൻ വംശീയ പ്രശ്നവും ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികളും
ബോബി കെ. മാത്യു 3

വീക്ഷണം
ലാസ് ദി കിയർഹെ ഇം ഡോർഫ്
ജോർജ് കുറ്റിക്കാട്ട് 4

സമകാലികം
റിയാലിറ്റിഷോകൾ റിയലോ?
ജോസഫ് കെ.പി. 5

മനസ്സറിയുക ശരീരവും
കുട്ടികളിലെ അപകർഷതാബോധം
ഡോ.(സി.) ഷാലു കോയിക്കര 6

ചുവരെഴുത്തുകൾ
രാഷ്ട്രീയ നേരമ്പോക്കുകൾ സിനിമാവ്യവസായത്തെ രക്ഷിക്കുമോ?
ശ്വേതകേതു 7

ബാലലോകം 8

ചരിത്രം 10
മൈസൂറിന്റെ ശക്തിയും മലബാറിന്റെ പ്രാധാന്യവും
ഡോ. എ.പി. ഇബ്രാഹിംകുഞ്ഞ്

പുനരാഖ്യാനം
മഹാഭാരതം
സവ്യസാചി 14

ന്യൂസ് ഡയറി
പി.ആർ 15

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക
വാല്യം 2 ലക്കം 34
2009 മെയ് 13
പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*ജനങ്ങളെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുന്നവർ*
*അവരെ മനസ്സിലാക്കണം.*
*- ചാൾസ് റീഡ്*

# ജനാധിപത്യം കളങ്കപ്പെടരുത് ജനാധിപത്യകക്ഷികളും

നമ്മൾ ജീവിക്കുന്നതു നമ്മുടെ പഴയ കേരളത്തിൽ തന്നെയല്ലേ എന്നു സംശയം തോന്നിക്കുന്ന രാഷ്ട്രീയ ക്രൂരതകളാണു നാട്ടിലെമ്പാടും അരങ്ങേറുന്നത്. എതിരഭിപ്രായങ്ങളോടു കടുത്ത അസഹിഷ്ണുത പുലർത്തുന്ന മാർക്സിസ്റ്റ് പാർട്ടി, അധികാരത്തിലെത്തിയിരിക്കുന്നു എന്ന ഒറ്റ കാരണം മാത്രമാണ് ഇത്തരം അതിക്രമങ്ങൾക്ക് പിന്നിലുള്ളത്. ആളുകളെ തട്ടിക്കൊണ്ടുപോവുക, വഴിയിൽ തടഞ്ഞുനിർത്തി കരിയോയിലൊഴിക്കുക, ശാരീരികമായി ആക്രമിക്കുക, വാഹനങ്ങൾക്കു കല്ലേറിയുക, ഊരുവിലക്കേർപ്പെടുത്തുക, വീടുകളിൽ പോലും അതിക്രമിച്ചു കയറി ഭീഷണിപ്പെടുത്തുകയും മർദിക്കുകയും ചെയ്യുക- 1957 മുതൽ ഇത്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കു മാർക്സിസ്റ്റ് പാർട്ടി നേതൃത്വം കൊടുത്തു വരുന്നു.

ഇത്തരത്തിൽ ഏറ്റവും പുതിയതാണു വയനാടു ജില്ലയിലെ പൂതാടി പഞ്ചായത്ത് വൈസ് പ്രസിഡണ്ട് വി.എൻ.ശശീന്ദ്രന്റെ അനുഭവം. കോൺഗ്രസ് (എസ്) അംഗമായിരുന്ന അദ്ദേഹം പാർട്ടിയിൽ നിന്നു രാജിവച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്നതാണ് പ്രശ്നങ്ങൾക്ക് കാരണം. എൽഡിഎഫ് ഭരിക്കുന്ന 21 അംഗ പഞ്ചായത്തു ഭരണസമിതിയിൽ ശശീന്ദ്രൻ പ്രതിപക്ഷത്താകുന്നതോടെ ഭരണകക്ഷിക്കു ഭൂരിപക്ഷം നഷ്ടപ്പെടും. ഇത് കണക്കിലെടുത്ത് പ്രതിപക്ഷം അവതരിപ്പിച്ച അവിശ്വാസപ്രമേയം 27നു ചർച്ചയ്ക്ക് വരാനിരിക്കെയാണ് ശശീന്ദ്രനെ കാണാതാവുന്നത്.

പഞ്ചായത്ത് ഓഫീസിനുമുമ്പിൽവച്ചു പട്ടാപ്പകൽ ശശീന്ദ്രനെ തട്ടിക്കൊണ്ടുപോയതു മാർക്സിസ്റ്റ് പാർട്ടിയുടെ ക്വൊട്ടേഷൻ സംഘമായിരുന്നു എന്ന് തെളിഞ്ഞിട്ടുണ്ട്. ഇന്നത്തെക്കാലത്ത് മനസ്സുവച്ചാൽ ഒരു മണിക്കൂറിനധികം നമ്മുടെ പോലീസിനു കണ്ടെത്താൻ കഴിയുമായിരുന്ന ഒരു അപഹരണമാണിത്. എന്നിട്ടും പോലീസ് സേനയ്ക്കാകെ അപമാനമുണ്ടാക്കും വിധം ഒരാഴ്ചയിലധികം നീണ്ടുപോയി ശശീന്ദ്രന്റെ ഒളിവു ജീവിതം.

ശശീന്ദ്രന്റെ ഭാര്യ ഹൈക്കോടതിയിൽ നല്കിയ ഹേബിയസ് കോർപ്പസ് ഹർജിയുടെ പരിഗണനാവേളയിൽ പോലീസ് കോടതിക്കു നല്കിയ മറുപടിയാണ് ഏറെ രസാവഹം. ചൊവ്വാഴ്ച ശശീന്ദ്രനെ കണ്ടുപിടിച്ചുകൊള്ളാമെന്ന്. ഇത്ര കൃത്യമായി പറയണമെങ്കിൽ ആളു സ്വന്തം കസ്റ്റഡിയിൽ തന്നെ ഉണ്ടായിരിക്കേണ്ടേ?

അതു തന്നെയാണു സംഭവിച്ചത്. 27 നു തിങ്കളാഴ്ചയാണ് അവിശ്വാസ പ്രമേയ ചർച്ച. ശശീന്ദ്രനില്ലെങ്കിൽ പ്രമേയം പരാജയപ്പെടും. പിറ്റേന്നു ശശീന്ദ്രനെ കോടതിയിൽ ഹാജരാക്കി കൊള്ളാമത്രെ!

ഈ തട്ടിക്കൊണ്ടുപോകൽ പോലീസ് സംരക്ഷണത്തിൽ നടന്ന ഒരു രാഷ്ട്രീയ കുറ്റകൃത്യമായിരുന്നെന്നു ശശീന്ദ്രൻ തന്നെ വെളിപ്പെടുത്തിക്കഴിഞ്ഞു. മാനന്തവാടി ഡിവൈഎസ്പിയുടെ അറിവോടും സമ്മതത്തോടും കൂടിത്തന്നെയാണു തട്ടിക്കൊണ്ടുപോകൽ നടന്നത്! കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഈ പോലീസിന്റെ കൈയിൽ എത്രത്തോളം സുരക്ഷിതമായിരിക്കും എന്നു വ്യക്തമാണല്ലോ. അതുകൊണ്ടാണു ഹൈക്കോടതിപോലും അദ്ഭുതം കൂറിയത് - ഇതൊക്കെ നടക്കുന്നത് കേരളത്തിലാണല്ലോ എന്ന്.

അതിക്രൂരമായ മനുഷ്യാവകാശലംഘനമാണു ശശീന്ദ്രൻ സംഭവത്തിൽ ഉണ്ടായിരിക്കുന്നത്. കൂടുതൽ ചെറുത്തുനില്ക്കാനോ ഓടി രക്ഷപ്പെടാനോ തുനിഞ്ഞിരുന്നെങ്കിൽ ഇപ്പോളദ്ദേഹം ജീവനോടെ ഉണ്ടാകുമായിരുന്നില്ല. നാഴികയ്ക്ക് നാല്പത് വട്ടം ജനാധിപത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പേരിൽ ആണയിടുന്ന മാർക്സിസ്റ്റു പാർട്ടിയുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്നത് ഏകാധിപത്യത്തിന്റെ ദുർഭൂതമാണെന്നു പൂതാടി സംഭവം ഒരിക്കൽകൂടി തെളിയിക്കുന്നു.

കേരളത്തിൽ എത്രയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യുഡിഎഫിൽ നിന്നും അംഗങ്ങളെ അടർത്തിയെടുത്തു സിപിഎം ഭരണം പിടിച്ചെടുത്തിരിക്കുന്നു. കഴിഞ്ഞ തദ്ദേശസ്ഥാപന തെരഞ്ഞെടുപ്പിൽ യുഡിഎഫിനു ലഭിച്ച രണ്ടേ രണ്ടു ജില്ലാ പഞ്ചായത്തുകളിൽ ഒന്നായ കോട്ടയത്ത് ഇപ്പോൾ സിപിഎം പ്രസിഡണ്ടായിരിക്കുന്നതെങ്ങനെയാണ്? കോട്ടയം നഗരസഭാ ഭരണം പിടിച്ചെടുത്തതെങ്ങനെയാണ്? ഇവിടെയൊക്കെ കാലുമാറിയ യുഡിഎഫ് അംഗത്തെ തട്ടിക്കൊണ്ടുപോകാനോ ദേഹോപദ്രവം എല്പിക്കാനോ യുഡിഎഫുകാർ തയ്യാറായിട്ടുണ്ടോ? അങ്ങനെ ചെയ്താൽ പിന്നെവിടെ ജനാധിപത്യം? എവിടെ അഭിപ്രായ സ്വാതന്ത്ര്യം?

നമ്മുടെ മഹത്തായ ജനാധിപത്യ പാരമ്പര്യത്തിനു കളങ്കം ചാർത്തുന്ന ഇത്തരം അതിക്രമങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിനും ഭൂഷണമല്ല.

# ഉണ്ണികൃഷ്ണൻ ഈച്ചരത്ത് വിജയിച്ചു



**വിജയം നമുക്ക് :** *തൃശൂർ കോർപ്പറേഷനിലേക്കു വിജയിച്ച ഉണ്ണികൃഷ്ണൻ ഈച്ചരത്തിനെ യുഡിഎഫ് പ്രവർത്തകർ സ്വീകരിച്ചാനയിക്കുന്നു.*

കേരളാ കോൺഗ്രസ് (എം) തൃശൂർ ജില്ലാ സെക്രട്ടറി ഉണ്ണികൃഷ്ണൻ ഈച്ചരത്ത് തൃശൂർ കോർപ്പറേഷൻ ഉപതെരഞ്ഞെടുപ്പിൽ വിജയം നേടി. എൽത്തുരുത്ത് ഡിവിഷനിൽ നടന്ന വാശിയേറിയ മത്സരത്തിൽ 1431 നെതിരെ 1802 വോട്ടുകൾക്കാണ് എൽഎഡിഎഫിലെ എം.എൻ. സുധാകരനെ അദ്ദേഹം പരാജയപ്പെടുത്തിയത്. 371 വോട്ടു ഭൂരിപക്ഷം. ബിജെപിയുടെ പിന്തുണയുള്ള സ്വതന്ത്രസ്ഥാനാർത്ഥി എം.എ.പൊറിഞ്ചുവിനു 120 വോട്ടു ലഭിച്ചു. 13 വോട്ട് അസാധുവായി.

ഇടതുപക്ഷ അംഗമായിരുന്ന പി.വി.രാജന്റെ അകാലമരണത്തെത്തുടർന്നാണ് ഉപതെരഞ്ഞെടുപ്പു നടന്നത്.

ഉണ്ണികൃഷ്ണൻ വിജയിച്ചതോടെ കോർപ്പറേഷൻ കൗൺസിലിൽ യുഡിഎഫിന് 24 അംഗങ്ങളായി. ജനതാദളിന്റെ രണ്ട് അംഗങ്ങൾ ഉൾപ്പെടെ എൽഡിഎഫിന് 24 പേരുടെ പിന്തുണയുണ്ട്. ബിജെപിക്ക് ഒരംഗവും. ജനതാദളിന്റെ ഒരു മെമ്പർ എൽഡിഎഫിനൊപ്പം നില്ക്കുമെന്നു വ്യക്തമാക്കിയിരിക്കുന്നതുകൊണ്ട് ഒരു ഭരണമാറ്റം ഉടൻ ഉണ്ടാകുമെന്നു കരുതാനാവില്ല.

# അശാസ്ത്രീയമായ കെട്ടിട നികുതി വർധന പിൻവലിക്കണം

## യുഡിഎഫ്

കങ്ങഴ ഗ്രാമപഞ്ചായത്ത് അശാസ്ത്രീയമായി വർധിപ്പിച്ച കെട്ടിടനികുതി പിൻവലിക്കണമെന്ന് യുഡിഎഫ് ആവശ്യപ്പെട്ടു. ഇടതുപക്ഷം ഭരിക്കുന്ന വികസന പിന്നോക്കമായ കങ്ങഴ ഗ്രാമപഞ്ചായത്തിലെ കെട്ടിടനികുതി സ്ക്വയർ മീറ്ററിന് ഏഴ് എന്ന നിരക്കിൽ വർധിപ്പിക്കാനുള്ള പഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനം ജനവിരുദ്ധമാണ്. ജില്ലയിലെ പ്രമുഖ പഞ്ചായത്തുകൾ വരെ സ്ക്വയർ മീറ്ററിന് മൂന്നു മുതൽ അഞ്ചു രൂപ വരെയായി നിജപ്പെടുത്തിയിട്ടും കങ്ങഴ പഞ്ചായത്തിലെ നികുതി കുറയ്ക്കുവാൻ പഞ്ചായത്തു തയ്യാറാവാത്തത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും യുഡിഎഫ് കുറ്റപ്പെടുത്തി.

ഇതിൽപ്രതിഷേധിച്ച് യുഡിഎഫ് കങ്ങഴ മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ധർണയും പൊതുസമ്മേളനവും ഡിസിസി വൈസ് പ്രസിഡണ്ട് ഫിലിപ്പ് ജോസഫ് ഉദ്ഘാടനം ചെയ്തു. വി.എ. ജമാലുദ്ദീൻ അധ്യക്ഷത വഹിച്ചു.

നിയോജകമണ്ഡലം പ്രസിഡണ്ട് എ.എം. മാത്യു ആനിത്തോട്ടം, മണ്ഡലം പ്രസിഡണ്ട് കെ.എസ്. സെബാസ്റ്റ്യൻ, ഡിസിസി ഭാരവാഹികളായ നാട്ടകം സുരേഷ്, ഡോ. പി.കെ. നീലകണ്ഠൻ, അജി തകിടിയേൽ, പി.ഡി. പൊന്നപ്പൻ, നാസ്സർ കങ്ങഴ എന്നിവർ പ്രസംഗിച്ചു.

## പ്രതികരണം

### സാംസ്കാരിക കേരളത്തിന് ഇത് അപമാനം

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ട സമയത്തെ സംസ്ഥാനത്തെ മാധ്യമങ്ങൾ ശ്രദ്ധിച്ചാൽ ആരെയും അമ്പരപ്പിച്ച ഒരു മഹാ അപകടം അരങ്ങേറിയത് നമുക്ക് കാണാൻ കഴിയും. മുമ്പൊരിക്കലും കാണാത്ത വിധം ജാതി-മത-സാമുദായിക ശക്തികളും, സംഘടനകളും ഈ തെരഞ്ഞെടുപ്പിൽ സജീവ സാന്നിധ്യം വഹിച്ചു എന്ന അപകടം. മതേതര പാർട്ടികളുടെ സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നതുവരെ മതസംഘടനകളായി തീർന്നിരിക്കുന്നു. പൊന്നാനി തന്നെ ഉദാഹരണം. മതതീവ്രവാദ കക്ഷിയായ പിഡിപിയാണ് പൊന്നാനിയിലെ സ്ഥാനാർത്ഥിയെ നിശ്ചയിച്ചത്. മതമൗലികവാദികൾക്കും, മത, തീവ്രവാദകക്ഷികൾക്കും വഴങ്ങിയ ഇടതുപക്ഷത്തെ പ്രധാനപാർട്ടിയായ മാർക്സിസ്റ്റ് പാർട്ടി ഇതോടെ മതേതര മൂല്യങ്ങളെ കാറ്റിൽ പറത്തിയിരിക്കുന്നു.

വർഗീയതുടെ കൊടുംവിഷം തീണ്ടുന്ന മതമൗലികവാദ സംഘടനകളുടെ പിന്തുണ ഒളിഞ്ഞും തെളിഞ്ഞും സ്വീകരിച്ചുകൊണ്ട് ലാവ്ലിൻ പോലുള്ള അഴിമതിക്കേസ്സുകളിൽ നിന്നും ജനശ്രദ്ധ തിരിച്ചുവിട്ട് വോട്ടുപിടിക്കാനുള്ള സിപിഎമ്മിന്റെ തത്രപ്പാട് വരുംകാലത്ത് നമ്മുടെ നാടിന് ഏറ്റവും കൂടുതൽ ദോഷം വരുത്തിവയ്ക്കുമെന്നത് തീർച്ചയാണ്.

ഇന്ത്യ മതനിരപേക്ഷ ജനാധിപത്യരാജ്യമാണ്. ശുദ്ധ മതേതര ജനാധിപത്യ അടിത്തറയുള്ളവർ ജനവിധി തേടുന്ന ഒരു തെരഞ്ഞെടുപ്പാണ് നമ്മുടെ നാടിന് ആവശ്യം. കമ്യൂണിസ്റ്റ് പാർട്ടികൾ കേവലം നാലുവോട്ടു കിട്ടുന്നതിനു വേണ്ടി തീവ്രവാദികളുമായി ബന്ധമുണ്ടെന്ന് ആരോപിക്കപ്പെടുന്ന ഒരു വ്യക്തിയുമായി തെരഞ്ഞെടുപ്പു സഖ്യമുണ്ടാക്കിയതും പരസ്യമായി വേദി പങ്കിട്ടതും സാംസ്കാരിക മതേതര കേരളത്തിന് അപമാനകരമാണെന്നു പറയാതെ വയ്യ.

***ജോജി തൈക്കൂടൻ***
കരുവന്നൂർ, ഇരിങ്ങാലക്കുട

CYAN MAGENTA YELLOW BLACK



അവലോകനം

ബോബി കെ. മാത്യു

# 'ഇന്ത്യാ കാപ്പാത്തുങ്കോ'!

## ശ്രീലങ്കൻ വംശീയ പ്രശ്നവും ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികളും

ഒരു രാജ്യത്തെ ജനങ്ങളെ രണ്ടുതരം പൗരന്മാരാക്കി ദീർഘകാലം ഭരണം നടത്തിയത് ലോകത്തിൽ രണ്ടു നാടുകളിലാണ് – ദക്ഷിണാഫ്രിക്കയിലും ശ്രീലങ്കയിലും. വെളുത്ത വർഗം ദക്ഷിണാഫ്രിക്കയിൽ അവിടുത്തെ കറുത്തവർഗക്കാരെ എത്രയോ കാലം അടക്കിഭരിച്ചു. ആ ഭരണത്തിന്റെ സമാപനം കുറിച്ചത് നെൽസൺ മണ്ടേല നേതൃത്വം നല്കിയ ആഫ്രിക്കൻ നാഷണൽ കോൺഗ്രസാണ്. അക്രമരാഹിത്യത്തിന്റെ വഴികളിലൂടെ മാത്രമായിരുന്നു അവരുടെ സഞ്ചാരം. ഗാന്ധിജിയുടെ ജീവിതമാതൃകയും പ്രവർത്തനശൈലിയും ആഫ്രിക്കൻ നാഷണൽ കോൺഗ്രസിന്റെ സമരപന്ഥാവുകളിൽ നക്ഷത്രവിളക്കായി നിലകൊണ്ടു. അതിനായി മണ്ടേല 27 വർഷങ്ങൾ ജയിലിൽ കഴിഞ്ഞു.

സമാന രാഷ്ട്രീയ സാഹചര്യങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശമാണ് ശ്രീലങ്കയും. ശ്രീലങ്കൻ തമിഴരെ കീഴ്പ്പെടുത്തി ഭരിക്കുന്ന സിംഹള മേധാവിത്വത്തിനെതിരെയുള്ള കലഹമാണ് എൽടിടിഇ. രൂപീകരിക്കാൻ വേലുപ്പിള്ള പ്രഭാകരനെ പ്രേരിപ്പിച്ചത്. ഇതിനായി പ്രഭാകരൻ സ്വീകരിച്ച മാർഗം അക്രമത്തിന്റേതായിരുന്നു. മുപ്പത്തിമൂന്നുവർഷം ഗറില്ല യുദ്ധം നടത്തി ശ്രീലങ്കയിലെ സിംഹളരെ മാത്രമല്ല സ്വന്തം വംശത്തിലെ ജനങ്ങളെയും പ്രഭാകരൻ നിഷ്കരുണം കൊന്നൊടുക്കി. ഈ ജീവിതത്തിനിടയിൽ എന്നെങ്കിലും തൊട്ടടുത്ത രാജ്യമായ ഇന്ത്യയിലെ മഹാത്മാവായ ഗാന്ധിജിയുടെ സമാധാനത്തിന്റെ പാത ഉൾക്കൊണ്ടിരുന്നെങ്കിൽ ശ്രീലങ്കൻ തമിഴ്പ്രശ്നം പണ്ടേ പരിഹരിക്കപ്പെട്ടേനെ. നിർഭാഗ്യവശാൽ പ്രഭാകരൻ കണ്ടെത്തിയത് കമ്യൂണിസ്റ്റ് സിദ്ധാന്തക്കാരുടെ ഭ്രാന്തൻ ആക്രമണങ്ങളായിരുന്നു. 1990 കളിൽ പ്രശസ്ത പത്രപ്രവർത്തക അനിതാ പ്രതാപ് നടത്തിയ ഇന്റർവ്യൂവിൽ പ്രഭാകരൻ പറഞ്ഞത്, "ആരെങ്കിലും തളികയിൽ വച്ചു നീട്ടുന്ന ഈഴം (രാജ്യം) ഞങ്ങൾക്കു വേണ്ട, ഞങ്ങളതു പൊരുതി നേടിക്കൊള്ളാം" എന്നായിരുന്നു.



ആന്റൺ ബാലശിങ്കം

പ്രഭാകരന് ആത്മവിശ്വാസം കൂട്ടായില്ല. മരണത്തിന്റെയും ആത്മഹത്യയുടെയും ഇടയിലൂടെ 2009ൽ പ്രഭാകരൻ സഞ്ചരിക്കുന്നു. ഉറ്റവരും ഉടയവരും പതുക്കെ വിട്ടുപോകുന്നു. ലങ്കയിലെ പഴയ അധിപനായിരുന്ന രാവണന്റെ അന്ത്യകാലം അനുസ്മരിപ്പിക്കുന്ന വിധത്തിലായിരിക്കുന്നു പ്രഭാകരന്റെ നിലവിലുള്ള സാഹചര്യങ്ങൾ. സമാധാന സാഹചര്യങ്ങൾ സൃഷ്ടിക്കാൻ; പ്രഭാകരൻ ഉൾപ്പെടെയുള്ള തമിഴർക്കായി വാദിക്കാൻ ഇന്ത്യ സർവശക്തിയോടും നിലകൊണ്ടു. നിർഭാഗ്യവശാൽ അതിനെ അട്ടിമറിച്ചതും രാജീവ്ഗാന്ധിയെ വധിച്ച് ലോകത്തിനു മുന്നിൽ ശ്രീലങ്കൻ തമിഴരോടുള്ള അനുകമ്പയും സഹതാപവും അവസാനിപ്പിച്ചതും പ്രഭാകരന്റെ വിവേകശൂന്യമായ നടപടികളായിരുന്നു. എൽടിടിഇയുടെ ബൗദ്ധികതലവനായിരുന്ന ആന്റൺ ബാലശിങ്കം അന്തരിക്കുന്നതിന് മുമ്പ് ലോകത്തോട് ഏറ്റുപറഞ്ഞത്, രാജീവിനെ വധിച്ചത് തെറ്റായിപ്പോയിയെന്നും ഇത് ലോകത്തിനു മുമ്പിൽ എൽടിടിഇയുടെ വിശ്വാസ്യത തകർത്തുവെന്നുമാണ്.

ശ്രീലങ്കയിലെ തമിഴ്പ്രശ്നം പരിഹരിക്കാൻ ഇന്ത്യ നടത്തിയിട്ടുള്ള ശ്രമങ്ങൾ ഒരു രാജ്യമെന്ന നിലയിൽ അതീവ ശ്ലാഘനീയമാണ്. ഫ്രഞ്ച് പൗരന്മാർക്കായി ഫ്രഞ്ച് ഗവൺമെണ്ട് പുലർത്താറുള്ള അതിസൂക്ഷ്മമായ



ഇന്ദിരാഗാന്ധി

ജാഗ്രത ഇക്കാര്യത്തിൽ ഇന്ദിരാഗാന്ധിയുടെ കാലം മുതലേ പുലർത്തിയിരുന്നു. ഇതിനെക്കുറിച്ച് വിദേശകാര്യ സെക്രട്ടറിയായിരുന്ന ജെ.എൻ. ദീക്ഷിത് എഴുതി, "കൊളംബോയും ന്യൂഡൽഹിയുമായി നിരവധി കരാറുകൾ ഒപ്പുവച്ചു. ഇന്ത്യ കച്ചാട്ടിവു ദ്വീപിനു മേലുണ്ടായിരുന്ന നിയന്ത്രണം ശ്രീലങ്കയ്ക്ക് വിട്ടുകൊടുത്തു. ഇന്ത്യൻ പൗരന്മാരായി കരുതപ്പെട്ട നല്ലൊരുവിഭാഗം തമിഴരെ സ്വീകരിക്കാൻ ഇന്ത്യ സമ്മതിച്ചു. അന്യായമായി പൗരത്വം നിഷേധിക്കപ്പെട്ട ഇന്ത്യൻ വംശജരായ തമിഴർക്ക് ശ്രീലങ്കൻ പൗരത്വം നല്കണമെന്ന വ്യവസ്ഥയിലായിരുന്നു ഈ കരാർ".

1980നും 1990 നും ഇടയ്ക്കുള്ള ശ്രീലങ്കയിലെ ഇന്ത്യൻ ഇടപെടൽ പല രീതിയിലും വിമർശിക്കപ്പെട്ടു. ചൈനയും ഇന്ത്യയെ വിമർശിച്ചു. ശ്രീലങ്ക ഇക്കാലത്ത് അമേരിക്ക, പാകിസ്ഥാൻ, ഇസ്രായേൽ എന്നീ രാജ്യങ്ങളുമായി പ്രതിരോധ നയതന്ത്രബന്ധങ്ങൾ സ്ഥാപിച്ചു. ഇത് ഇന്ത്യയ്ക്കു ഭാവിയിൽ ഭീഷണിയാകുമെന്ന് ഇന്ദിരാഗാന്ധി പ്രവചനദൃഷ്ടിയോടെ കണ്ട് ശ്രീലങ്കൻ പ്രശ്നത്തിൽ സജീവമായി ഇടപെട്ടു. പിന്നീട് പ്രധാനമന്ത്രിയായ രാജീവ്ഗാന്ധി 1987ൽ ഇന്തോ – ശ്രീലങ്കൻ കരാറൊപ്പിട്ടു. ഇതിലെ വ്യവസ്ഥകൾ പ്രകാരം ഇന്ത്യൻ സമാധാനസേന ശ്രീലങ്കയിലെത്തി. ചൈനയടക്കമുള്ള നമ്മുടെ സമീപരാജ്യങ്ങൾക്ക് ഇതത്ര ഇഷ്ടമായില്ല. അന്യരാജ്യത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നുവെന്ന ആക്ഷേപം അവർ ഉയർത്തി. അതുവരെ ഇന്ത്യാ ഗവൺമെണ്ടിനെ പിന്താങ്ങിയ മാർക്സിസ്റ്റ് പാർട്ടി ചൈനയുടെ നിലപാട് കണ്ട് മെല്ലെ നയം മാറ്റി. ഇഎംഎസ്സ് ചിന്തവാരികയിലെഴുതി, " ഇന്ത്യയിലെയും ശ്രീലങ്കയിലെയും പട്ടാളങ്ങൾ ഏറ്റുമുട്ടും. അതിൽ നിന്നുളവാകുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന്റെ പേരിൽ അമേരിക്ക ഇരു രാജ്യങ്ങളുടെയും ആഭ്യന്തരപ്രശ്നത്തിലിടപെടും".



സിരിമാവോ ബന്ദാര നായകെ

ശ്രീലങ്കയിലെ പ്രശ്നത്തെക്കുറിച്ച് വസ്തുനിഷ്ഠമായി ഒരന്വേഷണം നടത്തിയാൽ 1970ൽ അധികാരത്തിൽ വന്ന സിരിമാവോ ബന്ദാരനായകെ ഗവൺമെണ്ടാണ് പ്രശ്നം വഷളാക്കിയതെന്ന് കാണാം. ശ്രീലങ്കൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ പിന്തുണയോടുകൂടിയാണ് സിരിമാവോ അധികാരത്തിലിരുന്നതും. മൂന്നിൽ രണ്ട് ഭൂരിപക്ഷമുണ്ടായിരുന്ന ശ്രീലങ്ക ഫ്രീഡം പാർട്ടിയുടെ നേതൃത്വത്തിലുള്ള സഖ്യം ഭരണഘടന രൂപീകരിക്കാൻ തീരുമാനിച്ചു. തമിഴർ ഗവൺമെണ്ടിനോട് രണ്ടുകാര്യങ്ങൾ ആവശ്യപ്പെട്ടു. ഒന്ന്, തമിഴിനും സിംഹളഭാഷയുടെ ഒപ്പം ഔദ്യോഗിക ഭാഷാപദവി നല്കണം. രണ്ട്, ബുദ്ധമതം കൂടാതെ മറ്റുമതങ്ങളും രാജ്യത്തിന്റെ ഔദ്യോഗിക മതങ്ങളാക്കണം. ഇതിന് അവർ മാതൃകയായി കാണിച്ചത് ഇന്ത്യൻ ഭരണഘടനയെയും ഇവിടുത്തെ ഭരണസംവിധാനങ്ങളെയുമാണ്. എന്നാൽ തമിഴ്ജനതയുടെ ഈ രണ്ട് ആവശ്യങ്ങളും പൂർണമായും തള്ളിക്കളയുകയാണ് സിരിമാവോ സർക്കാർ ചെയ്തത്. അങ്ങനെ തമിഴ് സംസ്കാരം അടിച്ചമർത്തപ്പെടുകയും സർക്കാർ ഉദ്യോഗങ്ങളിൽ നിന്ന് തമിഴർ ഒഴിവാക്കപ്പെടുകയും ചെയ്തു.

ഇതിൽ കുപിതരായ തമിഴ്ജനത സംഘടിക്കാനും പൊരുതാനും ആരംഭിച്ചു. ശെൽവനായകം എന്ന തമിഴ്നേതാവ് പാർലമെണ്ട് അംഗത്വം രാജിവച്ചു. 1971ൽ തങ്കദുരൈ, കുട്ടിമണി എന്നിവരുടെ നേതൃത്വത്തിൽ തമിഴ് ഈഴം ലിബറേഷൻ രൂപീകൃതമായി. 1972ൽ തമിഴ് ന്യൂ ടൈഗേഴ്സ് എന്ന സംഘടന പതിനെട്ട് വയസ്സുകാരനായ പ്രഭാകരൻ സ്ഥാപിച്ചു. 1976ൽ അത് എൽടിടിഇ അഥവാ തമിഴ്പുലികൾ എന്ന നാമധേയത്തിൽ പരിഷ്കരിക്കപ്പെട്ടു. അന്നുമുതൽ 2009വരെ നീണ്ടപോരാട്ടങ്ങളുടെയും അശാന്തിയുടെയും ചരിത്രം ശ്രീലങ്കയ്ക്ക് സ്വന്തം.

കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് സാർവദേശീയ കാഴ്ചപ്പാടാണ് പ്രധാനമെന്ന് കമ്യൂണിസ്റ്റാചാര്യന്മാർ എക്കാലത്തും ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇതിനെ മുൻനിർത്തിയാണ് ഇന്ത്യയിലെ സ്വാതന്ത്ര്യസമരത്തിലെ പ്രധാന ചുവടുവയ്പായ ക്വിറ്റ് ഇന്ത്യാ സമരത്തെ തള്ളിപ്പറഞ്ഞ് ബ്രിട്ടീഷുകാർക്കു വേണ്ടി ഇന്ത്യൻ മണ്ണിൽ നിന്ന് അവർ വാദിച്ചത്. ഇതിൽ നിന്ന് തുലോം വ്യത്യസ്തമല്ല ശ്രീലങ്കയിലെ കമ്യൂണിസ്റ്റ് പാർട്ടിയും. ശ്രീലങ്കൻ പ്രശ്നത്തെക്കുറിച്ച് ഇഎംഎസ്സ് എഴുതിയ ചോദ്യോത്തര പംക്തിയിൽ ഇങ്ങനെ എഴുതുന്നു, "സിപിഎമ്മും സിപിഐയും ശ്രീലങ്കയിലെ കമ്യൂണിസ്റ്റ് പാർട്ടിയും ഒരേ നിലപാടാണ് എടുക്കുന്നത്". ശ്രീലങ്കയിലെ തമിഴരെ സംരക്ഷിക്കാൻ മുതിർന്ന ഇന്ത്യയിലെ കോൺഗ്രസ് ഗവൺമെണ്ടിനെ അനുകൂലിച്ചെഴുതിയതാണ് ഈ വാക്കുകൾ.

1989ൽ അധികാരത്തിലെത്തിയ വി.പി. സിംഗിന്റെ ഭരണത്തിൽ വിദേശകാര്യം വളരെ പരിതാപകരമായി. അതിൽ മുഖ്യപങ്ക് വഹിച്ച കമ്യൂണിസ്റ്റ് പാർട്ടികൾ ശ്രീലങ്കയിൽ നിന്ന് ഇന്ത്യൻസേനയെ പിൻവലിക്കാനായി വി.പി.സിംഗ് എടുത്ത തീരുമാനത്തെ ശക്തിയായി അനുകൂലിച്ചു.

ശ്രീലങ്കൻ പ്രശ്നത്തിൽ ഇന്ത്യ എടുത്ത നിലപാട് തെറ്റായിരുന്നുവെന്ന് പരസ്യമായി പറഞ്ഞ വി.പി.സിംഗിനെതിരെ രാജീവ്ഗാന്ധി സൺഡേ മാഗസിന് നല്കിയ അഭിമുഖത്തിൽ പറഞ്ഞു,



വി.പി. സിംഗ്

"ഇന്ത്യൻസേനയെ ഞങ്ങൾ ഒരിക്കലും എവിടേക്കും അയയ്ക്കുകയില്ല എന്നോ അതുമാതിരിയുള്ള മറ്റെന്തോ അവർ പറയുന്നതായി ഞാൻ മനസ്സിലാക്കുന്നു. ഇത് അപഹാസ്യമാണ്. ഒരു സുഹൃദ്‌രാജ്യം സഹായം അഭ്യർത്ഥിച്ചാൽ നാം എന്തു ചെയ്യും? മാലിദ്വീപ് സഹായം അഭ്യർത്ഥിച്ചു. നാം അത് നിരാകരിക്കുകയും സേനയെ അയയ്ക്കാൻ അമേരിക്കയെ അനുവദിക്കുകയും ചെയ്യണമായിരുന്നോ? ഫലത്തിൽ അതുകൊണ്ട് അർത്ഥമാക്കുന്നത് ഇതുതന്നെയാണ്. അമേരിക്ക അല്ലെങ്കിൽ മറ്റാരെങ്കിലും ഇത് ചെയ്യുമായിരുന്നു. ഈ മേഖലയോടും സുഹൃത്തുക്കളോടുമുള്ള ഉത്തരവാദിത്വം ഈ ഗവൺമെണ്ട് പൂർണമായും ഇല്ലായ്മ ചെയ്യുകയും മറ്റുള്ളവർ നിശ്ചയമായും നികത്തുന്ന, ഒരു ശൂന്യത സൃഷ്ടിക്കുകയുമാണ്."

ശ്രീലങ്കയിലെ പുതിയ സംഭവവികാസങ്ങളെപ്പറ്റി ഗൗരവമായ വിധത്തിൽ കമ്യൂണിസ്റ്റ് പാർട്ടികൾ പ്രതികരിച്ചു കണ്ടില്ല. പ്രതികരിച്ചത് ജയലളിതയാണ്. തമിഴ് ഈഴം രൂപീകരിക്കപ്പെട്ടാൽ മാത്രമേ തമിഴ്പ്രശ്നം പരിഹരിക്കപ്പെടൂവെന്നാണ് ജയലളിത പറഞ്ഞത്. കേരളത്തിലെ മൂന്നാറും വണ്ടിപ്പെരിയാറും തമിഴ് ഈഴത്തിന്റെ ഒരതിർത്തിയും ശ്രീലങ്കയിലെ വടക്കുകിഴക്കൻ പ്രദേശങ്ങൾ മറ്റേ അതിർത്തിയുമാണ്. ഈ തമിഴ് ഈഴത്തിനു വേണ്ടി വാദിക്കുന്ന ജയലളിതയാണ് കാരാട്ടും ബർദാനും പറയുന്ന മൂന്നാം മുന്നണിയിലെ മുഖ്യകക്ഷിയും ഒരു പക്ഷേ പ്രധാനമന്ത്രി സ്ഥാനാർത്ഥിയും. ഇങ്ങനെ ഇന്ത്യാ രാജ്യത്തിന്റെ കെട്ടുറപ്പിനെ നേരിട്ട് ബാധിക്കുന്ന നിലപാടുള്ള കക്ഷികളാണ് കാരാട്ടിന്റെ ഉറ്റമിത്രങ്ങൾ.

>> 10

CYAN MAGENTA YELLOW BLACK

വീക്ഷണം

ജോർജ് കുറ്റിക്കാട്ട്
ജർമനി

# ലാസ് ദി കിയർഹെ ഇം ഡോർഫ്

"ലാസ് ദി കിയർഹെ ഇം ഡോർഫ്" എന്ന് ജർമൻ ഭാഷയിൽ ഒരു പഴഞ്ചൊല്ലുണ്ട്. വിവേകപൂർവം യാഥാർത്ഥ്യത്തിലേക്കു തിരിച്ചുവരുക എന്നതാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്.

എല്ലാ മതങ്ങളും വിശ്വാസങ്ങളും പാരമ്പര്യങ്ങളും പരമ്പരാഗതമായി ബന്ധപ്പെട്ടുറപ്പിച്ചിട്ടുള്ളതാണ്. വിശ്വാസസമൂഹത്തിന് മതങ്ങൾ സ്വദേശമാണ്. ആരാധനാലയം അവർക്ക് സ്വഭവനമാണ്. ഇതിനാൽ ആരാധനാലയങ്ങളുടെ മഹത്വം വിശ്വാസസമൂഹത്തിലെ അംഗങ്ങൾക്ക് മാത്രമേ മനസ്സിലാക്കുവാൻ കഴിയൂ.

വിശ്വാസികൾ ദൈവത്തിലുറച്ച അധികാരത്തെ ആദരിക്കുന്ന സമൂഹമാണ്. ദേവാലയം എന്നത് അവർക്ക് സഹകരണസംഘമല്ല. ലാഭവിഹിതം പങ്കിടുന്ന ഒരു ഓഹരി മാർക്കറ്റല്ല. ഈ കഴിഞ്ഞ വർഷം ഓസ്ട്രേലിയായിലും അതിനു മുൻപ് ജർമനിയിലും ഇക്കാര്യം ഒന്നുകൂടി ശക്തമായി സ്ഥിരീകരിക്കപ്പെടുകയുണ്ടായി

ഇന്ത്യയിൽ ഭരണഘടന അനുവദിച്ചിരിക്കുന്ന മൗലികാവകാശങ്ങൾ ഉണ്ട്. എന്നാൽ ദൈവത്തിന്റെ സ്വന്തം നാടെന്നു വിശേഷിപ്പിക്കപ്പെടുന്ന നമ്മുടെ കേരളം ഉൾപ്പെടെയുള്ള ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ മൗലികാവകാശങ്ങളെ സൗകര്യപൂർവം നിഷേധിക്കുവാനും മതങ്ങളെയും ആരാധനാലയങ്ങളെയും അവയുടെ സ്ഥാവര ജംഗമങ്ങളെയും സ്വന്തം കാൽച്ചുവട്ടിലൊതുക്കുവാനുമുള്ള ഭരണകർത്താക്കളുടെ ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്ന ഗൂഢശ്രമം തികച്ചും ജനാധിപത്യധ്വംസനവും ഭരണഘടന ഉറപ്പു നല്കുന്ന മൗലികാവകാശങ്ങൾക്കുമേലുള്ള കടന്നുകയറ്റവുമാണ്.

ഇന്നു കേരളം ഭരിക്കുന്നവർ എല്ലാത്തരം വ്യക്തിദോഷങ്ങളും സംഭവിച്ചിരുന്ന കാൾ മാർക്സിന്റെ പ്രത്യയശാസ്ത്രത്തിന്റെ ചാപിള്ളകളാണ്. ഭരണം പിഴവില്ലാതെ നടത്തുവാൻ കഴിവില്ലാത്തവരുടെ, മതത്തെയും ആരാധനാലയങ്ങളെയും ദേശസാത്ക്കരിക്കാനുള്ള ആവേശം കണ്ടാൽ ഇവർക്ക് മനഃശാസ്ത്രജ്ഞന്മാരുടെ സഹായം വേണ്ടിവരുമെന്ന് തോന്നും. പെരുവഴിയിലറങ്ങി സിന്ദാബാദ് വിളിക്കുന്നതുപോലെ എളുപ്പമല്ല രാജ്യഭരണം എന്നു തകഴി ശിവശങ്കരപ്പിള്ള ഒരിക്കൽ പറഞ്ഞത് ഇവർ ഉൾക്കൊള്ളുന്നത് ഉചിതമായിരിക്കും.


കാൾ മാക്സ്

ഏതെങ്കിലും ഒരു പ്രത്യയശാസ്ത്രത്തെ പ്രതിനിധീകരിക്കുന്നവർ ഒരു പ്രത്യേക സാഹചര്യത്തിൽ ഭരണാധികാരത്തിലെത്തിയാൽ അവരാഗ്രഹിക്കുന്നതുപോലെ മാറ്റങ്ങൾ അടിച്ചേല്പിക്കാനായി അധികാരത്തെ ഉപയോഗിക്കുന്നത് ജനാധിപത്യത്തിന് കളങ്കമാണ്.

കേരളഭരണം നടത്തുന്നത് ജനങ്ങളുടെ ഹിതമനുസരിച്ചല്ലായെന്ന് എല്ലാവരും സമ്മതിക്കുന്നു. ചില ഉദാഹരണങ്ങൾ മാത്രം മതി ഇവയെല്ലാം ഒന്നുകൂടി സ്ഥിരീകരിക്കുവാൻ. മതങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസം, വിദ്യാലയങ്ങൾ, കുടുംബം-ജനനനിയന്ത്രണം, ഭ്രൂണഹത്യ-ദയാവധം, വിവാഹ നിയമം-ശിശു സംരക്ഷണം, വയോജനസുരക്ഷിതത്വം, ജീവനും സ്വത്തിനുമുള്ള സംരക്ഷണം, ആരോഗ്യവും ശുചിത്വവും ഇങ്ങനെ ഒരു നീണ്ടപട്ടികയുണ്ട്. സുപ്രധാന ജനകീയ ആവശ്യങ്ങളിൽ അപക്വവും വികലവും സദാചാര മൂല്യമില്ലാത്തതും മനുഷ്യജീവന് വിലകല്പിക്കാത്തതുമായ പരിഷ്ക്കാരങ്ങൾ നടത്തുവാൻ ശ്രമിക്കുന്നതിനെ ജനങ്ങൾ ഇതിനകം പുച്ഛിച്ച് തള്ളിയിരിക്കുകയാണ്.

> വിശ്വാസസമൂഹത്തിന് മതങ്ങൾ സ്വദേശമാണ്. ആരാധനാലയം അവർക്ക് സ്വഭവനമാണ്. ഇതിനാൽ ആരാധനാലയങ്ങളുടെ മഹത്വം വിശ്വാസസമൂഹത്തിലെ അംഗങ്ങൾക്ക് മാത്രമേ മനസ്സിലാക്കുവാൻ കഴിയൂ. വിശ്വാസികൾ ദൈവത്തിലുറച്ച അധികാരത്തെ ആദരിക്കുന്ന സമൂഹമാണ്. ദേവാലയം എന്നത് അവർക്ക് സഹകരണസംഘമല്ല. ലാഭവിഹിതം പങ്കിടുന്ന ഒരു ഓഹരി മാർക്കറ്റല്ല.

ഒരു പ്രത്യേക സാഹചര്യത്തിൽ ഭരിക്കുവാൻ ഭൂരിപക്ഷം കിട്ടിയ കമ്യൂണിസ്റ്റുകൾക്ക് ജനപിന്തുണ ഇതിനകം നഷ്ടപ്പെട്ടുകഴിഞ്ഞു. പരിഷ്കൃത രാജ്യങ്ങളുടെ നിലയിലേക്കു ഉയർന്നിരിക്കുന്ന ഇന്ത്യയിൽ ഇത്തരം കിരാത ഭരണപരിഷ്ക്കാരങ്ങൾ അനുവദിക്കുവാൻ ജനങ്ങൾ ഇനി അനുവദിച്ചുകൂടാ.

യൂറോപ്യൻ രാജ്യങ്ങളിൽ മരണം - ആത്മഹത്യാമരണം, സ്വഭാവികമരണം, ദയാവധം - സംബന്ധിച്ച് നിയമങ്ങൾ വളരെ വ്യക്തമാണ്. ജർമൻ ഫെഡറൽ റിപ്പബ്ലിക്കിന്റെ നീതിന്യായ പുസ്തകത്തിലെ 216-ാം വകുപ്പനുസരിച്ച് ക്രിയാത്മക ദയാവധത്തിന് സഹായിക്കുന്നതു തന്നെ, കുറഞ്ഞ ശിക്ഷയായി ആറുമാസം മുതൽ അഞ്ചുവർഷം വരെ കഠിനതടവ് ലഭിക്കാവുന്ന കുറ്റമാണ്.

ജർമനിയിൽ ദയാവധ നിയമത്തെ സംബന്ധിച്ച് വളരെ ചൂടേറിയ ചർച്ചകൾ ഉണ്ടായിട്ടുണ്ട്. നാസ്സിഭരണകാലത്ത് മനുഷ്യജീവൻ മൂല്യം നഷ്ടപ്പെടുത്തുന്ന ഭീകരാനുഭവങ്ങളും സംഭവങ്ങളും അരങ്ങേറി. രോഗികളെ സുഖപ്പെടുത്തേണ്ട ഡോക്ടർമാർ അവരുടെ കൊലയാളികളായി മാറി. ആയിരക്കണക്കിന് കുഞ്ഞുങ്ങളെയും സ്ത്രീകളെയും വയോജനങ്ങളെയും രോഗികളെയും അംഗഭംഗം വന്നവരെയും മന്ദബുദ്ധികളെയും ജീവനോടെ കൊന്നൊടുക്കിയ കൊലയാളി ഡോക്ടർ ജോസഫ് മെംഗലെ തുടങ്ങിയവരെപ്പോലുള്ളവരുടെ ആധുനിക പതിപ്പിനെ കണ്ടെത്തുവാനാണ് കേരളത്തിലെ ഇടതുസർക്കാർ അന്വേഷണം നടത്തുന്നത്. അതിനുവേണ്ടി വന്ദ്യവയോധികനായ വി.ആർ. കൃഷ്ണയ്യരെ ചുമതലപ്പെടുത്തണമായിരുന്നോ?


ഡോ.ജോസഫ് മെംഗലെ

ഒരു രാജ്യത്തിന്റെ പുരോഗതി ദയാവധം നടത്തിക്കൊണ്ടോ ജനനനിയന്ത്രണം നടത്തിക്കൊണ്ടോ അല്ല സാധിക്കേണ്ടത്. മാതാവിന്റെ ഉദരത്തിൽ ഉടലെടുക്കുന്ന നിമിഷം മുതൽ കുഞ്ഞിന്റെ ആയുസിന്റെ അവസാനനാൾ വരെ ജീവനും അടിസ്ഥാന അവകാശങ്ങളും ഉറപ്പുവരുത്തേണ്ടത് ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും ഉത്തരവാദിത്വമാണെന്ന് ലോകം മുഴുവൻ സമ്മതിക്കുന്നു. ഇത് ഹനിക്കുവാൻ ഏതെങ്കിലും രാഷ്ട്രീയ കക്ഷികൾക്കോ അതിനോട് ബന്ധപ്പെട്ട വ്യക്തികൾക്കോ സ്ഥാപനത്തിനോ അവകാശമില്ല.


ജസ്റ്റിസ്
വി.ആർ.കൃഷ്ണയ്യർ

ജർമനിയിൽ വിവിധ മതങ്ങളെയും ആചാരങ്ങളെയും അംഗീകരിക്കുന്നു. വിവാഹം, കുടുംബം, ജനനം മരണം, തൊഴിൽ എന്നിങ്ങനെയുള്ള സാമൂഹ്യാവശ്യങ്ങളിൽ സർക്കാർ ജനഹിതം മാനിക്കുന്നു. ജർമൻ കത്തോലിക്കരുടെ ആവശ്യപ്രകാരം സിവിൽ നിയമത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തി. 2009 ജനുവരി ഒന്നാം തീയതി മുതൽ രജിസ്റ്റാർ ഓഫീസിൽ നടക്കേണ്ട വിവാഹ ഉടമ്പടി പത്രം ഇല്ലാതെ പള്ളിയിൽ വച്ച് വിവാഹം നടത്താമെന്നതാണ് ഇതിൽ പ്രധാനം.

1875ൽ ഓട്ടോ ഫൊൻ ബീഡ് മാർക്ക് നടപ്പിൽവരുത്തിയ വിവാഹ ബിൽ പ്രകാരമുള്ള നിയമമാണ് കത്തോലിക്കർക്ക് വേണ്ടി ഭേദഗതി ചെയ്തത്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിലെ ഏറ്റവും പ്രബുദ്ധ സംസ്ഥാനമായ കേരളത്തിൽ ഭരണം നടത്തുന്ന ഇപ്പോഴത്തെ സർക്കാർ സ്വീകരിക്കുന്ന നയം ഇതിൽനിന്നും എത്രയോ വ്യതിരിക്തമാണ്?

ഭ്രൂണഹത്യയും ജനനനിയന്ത്രണവും കേരളത്തിൽ പ്രോത്സാഹിപ്പിക്കുന്നുവെന്നതാണ് മറ്റൊരു കിരാതമായ നടപടി. ഒട്ടും വിദൂരമല്ലാത്ത ആപത്താണ് സമൂഹം നേരിടുവാൻ പോകുന്നത്. ജനനനിയന്ത്രണവും ജനസംഖ്യാ വർധനവിന്റെ കുറവും യൂറോപ്പിന്റെ സാമ്പത്തികഘടനയിൽ പോലും ഭീമമായ വിടവാണ് സൃഷ്ടിച്ചത്. ഫാസിസ്സത്തിന്റെയും കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെയും അതിപ്രസരം യൂറോപ്പിനെ കീഴടക്കിയപ്പോൾ മുതൽ വിശ്വാസങ്ങൾക്കും ജീവിത മൂല്യങ്ങൾക്കും സദാചാര മൂല്യങ്ങൾക്കും അവിടെ സ്ഥാനമില്ലാതായിത്തീർന്നു.


ഓട്ടോ ഫൊൻ
ബീഡ് മാർക്ക്

> **നാസ്സിഭരണകാലത്ത് മനുഷ്യജീവൻ മൂല്യമില്ലാത്തതായി സ്ഥിരീകരിക്കപ്പെട്ട ഭീകരാനുഭവങ്ങളും സംഭവങ്ങളും അരങ്ങേറി. രോഗികളെ സുഖപ്പെടുത്തേണ്ട ഡോക്ടർമാർ അവരുടെ കൊലയാളികളായി മാറി. ആയിരക്കണക്കിന് കുഞ്ഞുങ്ങളെയും സ്ത്രീകളെയും വയോജനങ്ങളെയും രോഗികളെയും അംഗഭംഗം വന്നവരെയും മന്ദബുദ്ധികളെയും ജീവനോടെ കൊന്നൊടുക്കിയ കൊലയാളി ഡോക്ടർ ജോസഫ് മെംഗലെ തുടങ്ങിയവരെ പ്പോലുള്ളവരുടെ ആധുനിക പതിപ്പിനെ കണ്ടെത്തുവാനാണ് കേരളത്തിലെ ഇടതുസർക്കാർ അന്വേഷണം നടത്തുന്നത്. അതിനുവേണ്ടി വന്ദ്യവയോധികനായ വി.ആർ. കൃഷ്ണയ്യരെ ചുമതലപ്പെടുത്തണമായിരുന്നോ?**

>> 12

CYAN MAGENTA YELLOW BLACK



സമകാലികം

ജോസഫ് കെ.പി.

# റിയാലിറ്റിഷോകൾ റിയലോ ?

സംഗീതത്തിന് മനുഷ്യമനസ്സിനു കുളിർമയും ആശ്വാസവും പകരാൻ കഴിയും എന്നതിൽ രണ്ടു പക്ഷമില്ല. എന്നാൽ അതിനെ വികലമാക്കുന്ന പ്രവണത ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. റിയാലിറ്റി ഷോകൾ വർത്തമാനകാലത്തെ യുവതലമുറയെ പലവിധ വിഭ്രമങ്ങൾക്കടിമപ്പെടുത്തുമെന്ന വിലയിരുത്തലിൽ കഴമ്പില്ലാതെയില്ല. ഇത്തരം അഭിപ്രായങ്ങൾക്കിടയിലും ആരവങ്ങളുടെ തരംഗദൈർഘ്യത്തിന് കുറവുണ്ടാകുന്നുമില്ല.

നിത്യജീവിതത്തിന്റെ ചുറ്റുപാടുകളിൽ നിന്നാണല്ലോ മനുഷ്യന്റെ വാസനകൾ ഉണർന്നു വരുന്നത്. 'റിയാലിറ്റിഷോ' എന്ന പേര് ഉപയോഗിക്കുന്നവർക്ക് തന്നെ അതെന്തിനെ സൂചിപ്പിക്കുന്നു എന്നറിയുമോ എന്നു സംശയം. അത് കാണുകയും കേൾക്കുകയും ചെയ്യുന്ന നമുക്കും ഇത് എന്തർത്ഥത്തിലാണ് ഉപയോഗിക്കപ്പെടുന്നതെന്ന് തീർച്ചയില്ല. യാഥാർത്ഥ്യത്തിന്റെ അവതരണം എന്ന് വിവക്ഷയെങ്കിൽ വാർത്തയും ഡോക്യുമെന്ററിയും ഇന്റർവ്യുവുമൊക്കെ റിയാലിറ്റി ഷോകൾ തന്നെയല്ലേ? ഒരർത്ഥത്തിൽ വിർചൽ റിയാലിറ്റി ഷോ എന്നതാണ് ഇത്തരം പരിപാടികൾക്ക് കൂടുതൽ ചേർന്ന പേര് എന്നു തോന്നുന്നു. സാങ്കേതികവിദ്യയുടെ സഹായത്തോടെ യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കുന്ന വിധത്തിൽ അയാഥാർത്ഥ്യത്തെ അവതരിപ്പിക്കുകയാണ് ഇന്നത്തെ റിയാലിറ്റി ഷോകൾ ചെയ്യുന്നത്.

**'റിയാലിറ്റിഷോ' എന്ന പേര് ഉപയോഗിക്കുന്നവർക്ക് തന്നെ അതെന്തിനെ സൂചിപ്പിക്കുന്നു എന്നറിയുമോ എന്നു സംശയം. അത് കാണുകയും കേൾക്കുകയും ചെയ്യുന്ന നമുക്കും ഇത് എന്തർത്ഥത്തിലാണ് ഉപയോഗിക്കപ്പെടുന്നതെന്ന് തീർച്ചയില്ല. യാഥാർത്ഥ്യത്തിന്റെ അവതരണം എന്ന് വിവക്ഷയെങ്കിൽ വാർത്തയും ഡോക്യുമെന്ററിയും ഇന്റർവ്യുവുമൊക്കെ റിയാലിറ്റി ഷോകൾ തന്നെയല്ലെ? ഒരർത്ഥത്തിൽ വിർച്വൽ റിയാലിറ്റി ഷോ എന്നതാണ് ഇത്തരം പരിപാടികൾക്ക് കൂടുതൽ ചേർന്ന പേര് എന്നു തോന്നുന്നു. സാങ്കേതികവിദ്യയുടെ സഹായത്തോടെ യാഥാർത്ഥ്യമെന്ന് തോന്നിപ്പിക്കുന്ന വിധത്തിൽ അയാർത്ഥ്യത്തെ അവതരിപ്പിക്കുകയാണ് ഇന്നത്തെ റിയാലിറ്റി ഷോകൾ ചെയ്യുന്നത്.**

ഇപ്പോൾ ഒരു റിയാലിറ്റി ഷോയുടെ വിളവെടുപ്പുത്സവം അവസാനിച്ച ഉടനെ തന്നെ അടുത്ത മത്സരത്തിന്റെ നിലമൊരുക്കലും വിത്തെറിയലും പൂർത്തിയാക്കിക്കഴിഞ്ഞു. ഇനി ആവർത്തന വിരസമായ നിരവധി ബോറൻ പ്രഹസനങ്ങളുടെ പ്രവാഹമാണ് അരങ്ങേറാൻ പോകുന്നത്. ഏറെ അസഹ്യം അവതാരകയുടെ മനോധർമ്മാടൽ പരിപാടിയാണ്. കണ്ണുമിഴിപ്പിക്കലും അസ്ഥാനത്തെ അട്ടഹാസവും സ്ഥലകാലങ്ങൾ മറന്നുള്ള സ്വപ്നം കാണലും കൊഞ്ചലും തലോടലും കാണുന്ന പ്രേക്ഷകന്റെ മനം മടുക്കുന്നു. സ്ഥിരം കമന്റുകളും വിശേഷണങ്ങളും ചേഷ്ടകളുമായി എല്ലാവരെക്കുറിച്ചും ഏകദേശം ഒരേ അഭിപ്രായം തന്നെ പറയുന്ന വിധികർത്താക്കളും പ്രേക്ഷകന് അരോചകം തന്നെ.

വാഗ്ദാനങ്ങളും വായ്ത്താരികളും വികാരപ്രകടനങ്ങളും കൂട്ടിക്കുഴച്ച് എസ്എംഎസിന്റെ രാസവളപ്രയോഗത്തിലും കീടനാശിനി പ്രയോഗത്തിലും വളർത്തി വിളവെടുക്കുന്ന ഈ റിയാലിറ്റി ഷോകൾ ജനം അണ്ണാക്കു തൊടാതെ വിഴുങ്ങുന്നതാണ് ഏറെ അത്ഭുതകരം. മത്സരത്തിനു വരുന്നവരെ സ്ഥിരം മസാലക്കൂട്ടിൽ ആനുപാതിക ക്രമത്തിൽ തെരഞ്ഞടുക്കുവാൻ അണിയറ പ്രവർത്തകർ ശ്രമിക്കുന്നു. ഇന്നയിന്ന വിഭാഗത്തിൽപെട്ടവർ നിശ്ചയമായും പാടാനുണ്ടായിരിക്കണം. അവരെ എത്ര റൗണ്ടുവരെ, എത്ര സ്റ്റേജുവരെ കൊണ്ടുപോകാമെന്നും മുൻകൂട്ടി നിശ്ചയിക്കുന്നു. അതിന്റെയെല്ലാം തിരക്കഥ ശരിയാം വണ്ണം ചിട്ടപ്പെടുത്തി സ്റ്റേജിലെത്തിക്കുന്നതോടെ റിയാലിറ്റി ഷോയുടെ പാടം കതിരണിഞ്ഞുതുടങ്ങുന്നു.

സംഗീത സംവിധായകൻ, ഗായകർ, ആഘോഷാതിഥി എന്നിവർ തങ്ങളുടെ സിംഹാസനത്തിൽ തൂലിക ചലിപ്പിച്ച് ആസനസ്ഥരാകുന്നു. മാറ്റമില്ലാത്തവാക്കുകളുടെ സ്ഥിരം കേട്ടുമടുത്ത വിധിയെഴുത്തുകൾ ആരംഭിക്കുന്നു. ഇനി വിധികർത്താക്കളുടെ തീരുമാനത്തോട് നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ ഉടനെ മൊബൈൽ ഫോണെടുത്ത് എസ്എംഎസ് ചെയ്യാം. ആര് ആർക്കൊക്കെ എസ്എംഎസ് ചെയ്തു എന്നുമാത്രം ചോദിക്കരുത്. അതിന്റെ കണക്കെല്ലാം മൊബൈൽ കമ്പനികൾക്കേ അറിയൂ. അവർ പറയുന്ന കണക്കുകൾ വിശ്വസിക്കുകതന്നെ.

വിവിധ മൊബൈൽ കമ്പനികളുടെ എസ്എംഎസ് ഓഫറുകൾ പരിശോധിച്ചാൽ മുള്ളുകൊണ്ടു തലോടുന്ന സാന്ത്വനം പോലെയേ തോന്നുകയുള്ളു എന്നത് വേറെ കാര്യം! ഇതിന്റെ കൂടെ കോടിക്കണക്കിന് രൂപാ വിലവരുന്ന ഫ്ളാറ്റ് തിരുവനന്തപുരത്തോ ഷാർജയിലോ ദുബായിലോ ലോകത്തിന്റെ ഏതുഭാഗത്തോ പണിതുകൊടുക്കാൻ തയ്യാറായി നില്ക്കുന്ന സ്പോൺസേഴ്സും ഒത്തുചേരുമ്പോൾ പരിപാടിയുടെ മൂല്യം കോടികളിലേക്ക് ഉയരും. ഇതു കണ്ട് ജനത്തിന്റെ കണ്ണ് ശരിക്കും തള്ളുകതന്നെ ചെയ്യും!

നന്നെ ചെറുപ്രായത്തിൽ പ്രശസ്തിയുടെയും പണത്തിന്റെയും ആകർഷണവലയത്തിൽപെട്ട്, സൂപ്പർ താരങ്ങളായി സ്വയം അവരോധിച്ച യുവഗായകർ ഏറെയുണ്ട്. അഭിനവതാരങ്ങളെ കണ്ടെത്താനുള്ള തത്രപ്പാടിൽ നടക്കുന്ന ചാനലുകാരും സ്പോൺസർമാരും ഒരുക്കുന്ന കെണിയിൽ വീഴുന്ന ചെറുപ്പക്കാർ പിന്നീടങ്ങോട്ട് ഈ വെള്ളിവെളിച്ചത്തിൽ അഭിരമിക്കുകയാണ്. പിന്നെ 'ഷോ'കളുടെ പെരുമഴയാണ്. എവിടെയൊക്കെ അരങ്ങുകൾ കിട്ടാമോ അവിടെയൊക്കെ തകർപ്പൻ പ്രകടനങ്ങൾ! ഉത്സവങ്ങൾക്കും പെരുന്നാളുകൾക്കും ഉദ്ഘാടനങ്ങൾക്കും സമ്മേളനങ്ങൾക്കുമെല്ലാം പിന്നെ സ്ഥിരം പരിപാടിക്കാരായിത്തീരുകയാണ് ഇക്കൂട്ടർ. ശരിയായ വിദ്യാഭ്യാസത്തിന്റെയും കരിയറിന്റെയും പാതയിൽ നിന്ന് അവരങ്ങനെ അകന്നു പോകുന്നു.

നഗരമധ്യത്തിലൊരു ഫ്ളാറ്റിനു വേണ്ടി തൊണ്ടകീറിപ്പാടുന്ന യുവഗായകർ, ഇതെല്ലാം താത്കാലികമായ ഒരു ഹരം മാത്രമാണെന്ന തിരിച്ചറിവുണ്ടാകുമ്പോഴേക്കും ഏറെ വൈകിക്കഴിഞ്ഞിരിക്കും. പിന്നെ, ആളൊഴിഞ്ഞ അരങ്ങുകളിൽ തിളക്കമില്ലാത്ത താരങ്ങളിലൊന്നായി ആരാലും ഗൗനിക്കപ്പെടാതെ ഒരു മൂലയിലങ്ങനെ ഒതുങ്ങിത്തീരും. സംഗീതമായാലും നൃത്തമായാലും മനസ്സിന്റെ ഉന്നമനത്തിനും ആത്മഹർഷത്തിനും സാമൂഹികനന്മയ്ക്കും വേണ്ടിയാണ് അത്യന്തികമായി ഉപയുക്തമാക്കപ്പെടേണ്ടത്. മത്സരത്തിൽ ജയിക്കുവാനോ പണവും കാറും ഫ്ളാറ്റും നേടുവാനോ മാത്രമുള്ള ഉപാധിയാക്കി കലയെ മാറ്റുവാൻ യുവതലമുറയെ പരോക്ഷമായി പ്രേരിപ്പിക്കുകയാണ് ചാനലുകൾ ചെയ്യുന്നത്.

മാതാപിതാക്കളെയും അവരുടെ മക്കളെയും പിരിമുറുക്കത്തിന്റെ കൊടുമുടിയിലേക്ക് ഇത്തരം 'ഷോ'കൾ കൊണ്ടുപോകുന്നു. കപടസ്നേഹം നടിക്കാനും എതിരാളികളെ നിർവികാരം ആലിംഗനം ചെയ്യാനും കുട്ടികൾ ഇവിടെ പഠിക്കുന്നു. എസ്എംഎസിലൂടെ ജനം കൊള്ളയടിക്കപ്പെടുന്നു. കമ്പനികൾ കൊഴുത്തു തടിക്കുന്നു. എല്ലാറ്റിനും നിന്നുകൊടുക്കാൻ പാവം പ്രേക്ഷകരും. ആശാസ്യമല്ലാത്ത, അത്യാഗ്രഹത്തിനും മാനസികവൈകല്യത്തിനും വഴിതുറന്നേക്കാവുന്ന റിയാലിറ്റിഷോകൾ നിർത്തലാക്കുന്നതാണ് സമൂഹത്തിന് നല്ലത് എന്നു തോന്നുന്നു.

**ആശാസ്യമല്ലാത്ത, അത്യാഗ്രഹത്തിനും മാനസികവൈകല്യത്തിനും വഴിതുറന്നേക്കാവുന്ന റിയാലിറ്റിഷോകൾ നിർത്തലാക്കുന്നതാണ് സമൂഹത്തിന് നല്ലത് എന്നു തോന്നുന്നു.**

## അറിയേണ്ടും വാർത്തകൾ

അങ്ങനെയങ്ങ് തരാൻ പറ്റുമോ?

### യുഎസ് കോടതിയോട് സ്വിസ് ബാങ്ക് !




സാമ്പത്തിക മാന്ദ്യമെന്ന ആഗോള പ്രതിസന്ധിയെ അതിജീവിക്കുന്നതിനുള്ള തത്രപ്പാടിലാണ് വികസിതവികസ്വരഭേദമില്ലാതെ രാഷ്ട്രങ്ങൾ. അമേരിക്കയിലെ ബറാക്ക് ഒബാമയുടെ സർക്കാർ സാമ്പത്തിക മാന്ദ്യത്തിൽ നിന്നും രാജ്യത്തെ കരകയറ്റുന്നതിനായി കണ്ടെത്തിയ ഉപാധികളിൽ പ്രധാനപ്പെട്ട ഒന്ന്, രാജ്യത്തെ ഗവൺമെണ്ടിനെ വെട്ടിച്ച് ടാക്സ് നല്കാതെ സ്വിസ്ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന പൗരന്മാരുടെ വൻ സമ്പത്ത് കണ്ടെത്തി രാജ്യത്തേക്ക് തിരിച്ച് കൊണ്ടുവരികയാണ്.

ഏകദേശം 52,000 അമേരിക്കൻ പൗരന്മാർക്ക് സ്വിസ് ബാങ്കിൽ നിക്ഷേപം ഉണ്ടത്രെ. ഇത് ദശലക്ഷക്കണക്കിന് ബില്യൺ ഡോളർ വരും. ഈ സമ്പത്ത് കണ്ടെത്തി രാജ്യത്തേക്ക് കൊണ്ടുവന്നാൽ ഇപ്പോഴത്തെ പ്രതിസന്ധിഘട്ടത്തിലത് ആശ്വാസമേകുമെന്നും ഒബാമ ഭരണകൂടം കണക്കുകൂട്ടുന്നു. ഇതേ അഭിപ്രായം തന്നെയാണ് യൂറോപ്യൻ യൂണിയനും ഉള്ളത്.

ഫ്ളോറിഡ ഫെഡറൽ കോടതിയിൽ അമേരിക്കയിലെ നികുതി വകുപ്പായ ഇന്റേണൽ റവന്യൂ സർവീസ് ഇക്കാര്യത്തിൽ സ്വിസ്ബാങ്കിനുമേൽ സമ്മർദം ചെലുത്തുന്നതിന്റെ ഭാഗമായി ഒരു സിവിൽ സ്യൂട്ട് ഫയൽ ചെയ്തിരുന്നു. ഇതിനുള്ള മറുപടി പക്ഷേ നിരാശാജനകമാണ്. ബാങ്കിന്റെ പരമാധികാരത്തിനും സ്വിറ്റ്സർലൻഡിന്റെ അന്താരാഷ്ട്ര നിയമത്തിനും വിള്ളൽ ഉണ്ടാക്കുന്ന നയങ്ങൾ സ്വീകരിക്കുവാൻ കഴിയുകയില്ല എന്നതാണ് സ്വിസ് ബാങ്ക് അധികൃതരുടെ നിലപാട്. എന്നാൽ അമേരിക്ക, യൂറോപ്യൻ യൂണിയൻ, ലോകബാങ്ക് തുടങ്ങിയവരിൽ നിന്നും സ്വിസ്ബാങ്കിനുമേൽ ഇക്കാര്യത്തിലുള്ള സമ്മർദം ശക്തമായി തുടരുന്നു.

* *

ഏപ്രിൽ

### ഇറാഖിൽ രക്തം തളംകെട്ടിയ മാസം



അമേരിക്കയുടെയും സഖ്യരാജ്യങ്ങളുടെയും ഇറാഖിനുമേലുള്ള സൈനിക നടപടി അതിന്റെ ഏറ്റവും മൂർധന്യാവസ്ഥയിലെത്തിയ 2006-2007ലെ സ്ഥിതിയെക്കഴിഞ്ഞും പ്രശ്നപങ്കിലവും രക്തം തളംകെട്ടിയതുമായ ദിനങ്ങളായിരുന്നു കഴിഞ്ഞ ഏപ്രിൽ മാസത്തിലേതെന്ന് ഇറാഖ് അധികൃതർ പറയുന്നു. ഇറാഖികൾ മാത്രം 355 പേരാണ് കൊല്ലപ്പെട്ടത്. ഇതിൽ 290 പേർ സിവിലിയൻമാരും 65 പേർ ഇറാഖി സുരക്ഷാഭടന്മാരുമാണ്. ഇതിനു പുറമേയാണ് ബോംബുസ്ഫോടനത്തിൽ എൺപതോളം ഇറാനിയൻ തീർത്ഥാടകരുടെ ജീവഹാനി.

തീവ്രവാദി ആക്രമണങ്ങളിൽ ഗുരുതരമായി പരുക്കേറ്റവരുടെ എണ്ണവും 2006-2007 ലെക്കാൾ ഉയർന്നു. പരുക്കേറ്റവരുടെയും കൊല്ലപ്പെട്ടവരുടെയും എണ്ണത്തിൽ മാർച്ചിലേതിനേക്കാൾ 40 ശതമാനത്തിന്റെ വർധനവാണ് 2009 ഏപ്രിലിൽ ഉണ്ടായത്. ചാവേർ ആക്രമണങ്ങൾ വർധിച്ചതാണ് ഇതിനു വഴിവെച്ചത്. നാലിടങ്ങളിലുണ്ടായ വൻ ചാവേർ ആക്രമണങ്ങളിൽ മാത്രം കഴിഞ്ഞ മാസം കൊല്ലപ്പെട്ടത് 150ഓളം പേരാണ്.

അമേരിക്കൻസേനയെ സംബന്ധിച്ചും ഏപ്രിൽ മാസം അതിദാരുണമായിരുന്നു. 18 സൈനികരാണ് കൊല്ലപ്പെട്ടത്.

2006-2007ൽ ഒരുമാസത്തെ സിവിലിയൻമാരുടെ മാത്രം മരണനിരക്ക് 2000ൽ അധികമായിരുന്നു. അമേരിക്കയുടെയും സഖ്യരാജ്യങ്ങളുടെയും സൈനികരുടെ മരണനിരക്കാകട്ടെ നൂറും.

എന്നാൽ മരണനിരക്കിലും ആക്രമണങ്ങളുടെ എണ്ണത്തിലും ഇപ്പോൾ ഉണ്ടായിരിക്കുന്നതായ, ഈ വർധനവിന് കാരണം അമേരിക്കൻ സേനയുടെ ഇറാഖിൽ നിന്നുള്ള ഘട്ടംഘട്ടമായുള്ള പിന്മാറ്റമാണെന്ന് വിലയിരുത്തപ്പെടുന്നു. ഇറാഖ് വീണ്ടും രാഷ്ട്രീയ അസ്ഥിരതയിലേക്ക് കൂപ്പുകുത്തുമോ എന്ന സന്ദേഹവും ബലപ്പെടുന്നു.

* *

CYAN MAGENTA YELLOW BLACK